**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 938** **30-06-2022 - ൽ മറുപടിയ്ക്ക്**

**വനം വകുപ്പിലെ ഐ.എഫ്.എസ്. തസ്തികകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. മമ്മിക്കുട്ടി** | | **ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | വനം വകുപ്പിൽ എത്ര ഐ.എഫ്.എസ്. തസ്തികകളാണ് അനുവദിച്ചിട്ടുള്ളത്; പി.സി.സി.എഫ്., എ.പി.സി.സി.എഫ്., സി.സി.എഫ്., സി.എഫ്., ഡി.സി.എഫ്. കേഡർ പോസ്റ്റ്/ നോൺ കേഡർ പോസ്റ്റ് തിരിച്ച് വ്യക്തമാക്കാമോ; | (എ) | കേരള കേഡർ ഐ.എഫ്.എസ്-ന്റെ അംഗീകരിച്ച തസ്തികകളുടെ എണ്ണം 107 ആണ 30/06/2015-ലെ വിജ്ഞാപനം നം. 16016/2/2014-എ.ഐ.എസ് (II)-എ പ്രകാരം വനം വന്യജീവി വകുപ്പിൽ 66 സീനിയർ ഐ.എഫ്.എസ് കേഡർ തസ്തികകളാണ് അനുവദിച്ചിട്ടുള്ളത്. ആയവ, പി.സി.സി.എഫ്-3, എ.പി.സി.സി.എഫ്-4, സി.സി.എഫ്-11, സി.എഫ്-13, ഡി.സി.എഫ്-35, എന്നിവയാണ് . |
| (ബി) | സി.സി.എഫ്., സി.എഫ്. തസ്തികകളിൽ ആവശ്യത്തിന് ഐ.എഫ്.എസ്. ഉദ്യോഗസ്ഥർ ഇല്ലാത്തതിനാൽ വനം വകുപ്പിന്റെ കാര്യക്ഷമമായ പ്രവർത്തനത്തിന് തടസ്സം നേരിടുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച് വിശദാംശങ്ങൾ നൽകാമോ? | (ബി) | ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് തസ്തികകളിൽ ഉദ്യോഗസ്ഥരുടെ കുറവ് പരിഹരിക്കുന്നതിനായി കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് ഗ്രേഡിലുള്ള ഓഫീസർമാർക്കും സീനിയർ ആയിട്ടുള്ള ഡെപ്യൂട്ടി കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് ഗ്രേഡിലുള്ള ഓഫീസർമാർക്കും അധിക ചുമതല /പൂർണ അധിക ചുമതല നൽകി വരുന്നു. കൂടാതെ കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് തലത്തിലെ ഉദ്യോഗസ്ഥരുടെ കുറവ് പരിഹരിക്കുന്നതിനായി ഡെപ്യൂട്ടി കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് തലത്തിലുള്ള ഉദ്യോഗസ്ഥർക്ക് അധിക ചുമതല/പൂർണ അധിക ചുമതലയും നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ